കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ
ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്, തിരുവനന്തപുരം - 695 023 ഫോൺ : 0471-2471011
വെബ്സൈറ്റ് :: www.keralartc.com ഇമെയിൽ : cmd@kerala.gov.in :: ഫാക്സ് : 0471-2462679
**ട്രാഫിക് സെക്ഷൻ** ഇമെയിൽ : traffic@kerala.gov.in : ഫോൺ.: 0471-2471011 എക്സ്റ്റൻഷൻ.248

S001/TR01/37/2024/OPRS-KSRTC-HQ തീയതി: 02.11.2024

## മെമ്മോറാണ്ടം

വിഷയം : സർവ്വീസിനിടയിൽ യാത്രക്കാർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നത് സംബന്ധിച്ച് –

സൂചന : 1. ടി.ആർ.1/034148/2011, dtd.28.09.2011
2. ടി.ആർ.1/000130/2013, dtd.04.07.2013
3. ടി.ആർ.1/000815/2019, dtd.22.08.2019
4. ടി.ആർ.5/000128/2023, dtd.24.03.2023

കെ.എസ്.ആർ.ടി.സി ബസ്സുകൾ ബസ് സ്റ്റാൻഡുകൾക്ക് ഉപരിയായി വിവിധ സ്ഥലങ്ങളിലെ അംഗീകരിച്ചതും അംഗീകരിക്കാതെയുള്ളതുമായ ഹോട്ടലുകളിൽ യാത്രക്കാർക്കും ജീവനക്കാർക്കും ഭക്ഷണം കഴിക്കുന്നതിനായി നിർത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം ഹോട്ടലുകളെയും കാൻറീനുകളെയും സംബന്ധിച്ച് ധാരാളം പരാതികൾ ഉയർന്നതിൻെറ ഭാഗമായി സമഗ്രമായ ഒരു പഠനം നടത്തുകയും വിവിധ ഹോട്ടലുകളിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുകയും ചെയ്യുകയുണ്ടായി. ഇതിൻെറ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഹോട്ടലുകളുടെ അംഗീകരിച്ച ലിസ്റ്റും അനുബന്ധ വിവരങ്ങളും പ്രത്യേകമായി എസ്റ്റേറ്റ് വിഭാഗത്തിൽ നിന്നും ക്രോഡീകരിച്ച് പുറപ്പെടുവിക്കുന്നതാണ്.

ഇപ്രകാരം അംഗീകരിക്കപ്പെട്ട ഹോട്ടലുകളിൽ താഴെ പറയുന്ന സമയക്രമം അനുസരിച്ച് ബസ്സുകൾ നിർത്തേണ്ടതും ഓരോ സർവീസും മേൽ സമയക്രമത്തിൽ കടന്നുപോകുന്ന അംഗീകൃത ഹോട്ടലുകളുടെ വിവരം ഓരോ യൂണിറ്റധികാരിയും അതാത് ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തി ജീവനക്കാർക്ക് നിർദ്ദേശം നൽകേണ്ടതും ഇതനുസരിച്ച് കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡുകൾക്ക് പുറത്തുള്ള ഭക്ഷണശാലകളിൽ ഭക്ഷണം കഴിക്കുവാൻ ബസ് നിർത്തുന്ന സ്ഥലങ്ങളെ പറ്റിയുള്ള ടൈം ഷെഡ്യൂൾ ബോർഡ് ബസ്സിൽ ഡ്രൈവർ ക്യാബിന് പിന്നിലായി നിർബന്ധമായും പ്രദർശിപ്പിച്ചിരിക്കേണ്ടതുമാണ്. ഇത്തരം ടൈം ഷെഡ്യൂൾ ബോർഡുകളിൽ

ഭക്ഷണത്തിനായി നിർത്തുന്ന സ്ഥലവും സമയവും വ്യക്തമായി പ്രദർശിപ്പിക്കേണ്ടതും ബസ്സിൽ ഡിസ്‌പ്ലേ ചെയ്തിട്ടുള്ള സമയത്തും സ്ഥലത്തുമുള്ള ഹോട്ടലുകളിൽ മാത്രം ബസ്സുകൾ നിർത്തേണ്ടതുമാണ്. ബസ്സുകൾ ഭക്ഷണത്തിന് നിർത്തുന്നത് സംബന്ധിച്ച വിവരം ബസ് സ്റ്റേഷനിൽ എത്തുന്നതിന് മുമ്പ് യാത്രക്കാരെ അറിയിക്കേണ്ടതാണ്. ഇതോടൊപ്പം ഭക്ഷണശേഷം പുറപ്പെടുന്ന സമയം ഭക്ഷണത്തിനായി ബസ്സിൽ നിന്നും ഇറങ്ങുന്നതിന് മുൻപ് തന്നെ യാത്രക്കാരെ മുൻകൂട്ടി അറിയിക്കേണ്ടതും എല്ലാ യാത്രക്കാരും തിരികെ ബസ്സിൽ കയറി എന്ന് കണ്ടക്ടർ ഉറപ്പുവരുത്തി മാത്രം യാത്ര തുടരേണ്ടതുമാണ്. അവിചാരിതമായ കാരണവശാലോ ട്രാഫിക് ബ്ലോക്ക് മുഖാന്തിരമോ ബസ്സുകൾ നിശ്ചിത ഷെഡ്യൂൾ സമയപ്രകാരമുള്ള ഹോട്ടലുകളിൽ എത്താതെ വരുന്ന സാഹചര്യങ്ങളിൽ താഴെ സൂചിപ്പിച്ചിരിക്കുന്ന സമയക്രമത്തിൽ ബസ്സുകൾ എത്തിച്ചേരുന്ന അംഗീകൃത ഹോട്ടലുകളിൽ നിർത്തുന്നതിന് അനുവദിക്കാവുന്നതാണ്. ഇത്തരത്തിൽ ഓരോ ഷെഡ്യൂളിലും അലോക്കേറ്റ് ചെയ്ത ഹോട്ടൽ, സമയം എന്നിവ അടങ്ങിയ ലിസ്റ്റ് യൂണിറ്റ് ഓഫീസർ മേഖലാ സി.റ്റി.ഒ-മാർക്ക് കൈമാറേണ്ടതും മേഖലാ സി.റ്റി.ഒ-മാർ അംഗീകരിച്ച് ടൈം ടേബിൾ സെൽ ഐ.സി.ക്ക് പകർപ്പ് നൽകേണ്ടതുമാണ്.

**ബസ്സുകൾ നിർത്തേണ്ട സമയക്രമം**

| | |
|---|---|
| ബ്രേക്ക് ഫാസ്റ്റ് | - 07.30 മുതൽ 09.30 വരെ |
| ഉച്ച ഭക്ഷണം | - 12.30 മുതൽ 14.00 വരെ |
| ചായ / ലഘുഭക്ഷണം | - 16.00 മുതൽ 18.00 വരെ |
| രാത്രി ഭക്ഷണം | - 20.00 മുതൽ 23.00 വരെ |

ഇനിമേൽ തീർത്തും മോശമായിട്ടുള്ളതും, ലിസ്റ്റിൽ ഉൾപ്പെടാത്തതുമായ ഹോട്ടലുകളിൽ യാതൊരു കാരണവശാലും ബസ്സുകൾ നിർത്തി ഭക്ഷണം കഴിക്കുവാനുള്ള സാഹചര്യം ഉണ്ടാകുവാൻ പാടില്ല എന്ന കാര്യം യൂണിറ്റ് ഓഫീസർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ബന്ധപ്പെട്ട സോണൽ സി.റ്റി.ഒ-മാർ, യൂണിറ്റധികാരികൾ എന്നിവർ ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതും, എല്ലാ യൂണിറ്റിലും നടപടികൾ സ്വീകരിച്ചു എന്ന് ഉറപ്പ് വരുത്തേണ്ടതും, സ്ക്വാഡ് യൂണിറ്റുകൾ മേൽ പരിശോധന

നടത്തി ഇത് കുറ്റമറ്റ രീതിയിൽ നടപ്പാക്കിയിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതുമാണ്. എസ്റ്റേറ്റ് ഓഫീസർ, വിജിലൻസ് വിഭാഗം, വെൽഫെയർ ഓഫീസർ എന്നിവർ തുടർപരിശോധനകൾ നടത്തി കൃത്യമായി നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്.

ബഹു. ചെയർമാൻ ആൻറ് മാനേജിംഗ് ഡയറക്ടറുടെ ഉത്തരവിൻ പ്രകാരം

എക്സിക്യൂട്ടീവ് ഡയറക്ടർ (ഓപ്പറേഷൻസ്)

സ്വീകർത്താവ്

എല്ലാ യൂണിറ്റ് ഓഫീസർമാർക്കും
എല്ലാ ജനറൽ മാനേജർമാർക്കും
എല്ലാ മേഖലാ സി.റ്റി.ഒ-മാർക്കും
വെൽഫെയർ ഓഫീസർ, എസ്റ്റേറ്റ് ഓഫീസർ

പകർപ്പ് :-

ബഹു. സി.എം.ഡി.യുടെ പി.എസ്.ന്
എല്ലാ എക്സിക്യൂട്ടീവ് ഡയറക്ടർമാരുടെയും സ്റ്റെനോമാർക്കും
ചീഫ് ഓഫീസിലെ എല്ലാ ഓഫീസർമാർക്കും വിഭാഗങ്ങൾക്കും

# KERALA STATE ROAD TRANSPORT CORPORATION

## LIST OF RESTAURANTS

| SL NO | NAME | PLACE | BETWEEN | | |
|---|---|---|---|---|---|
| 1 | LE ARABIA | KUTTIVATTAM | KPLY | KYLM | NH |
| 2 | PANDORA | VAVVAKKAVU | KYLM | KPLY | NH |
| 3 | ADITHYA HOTEL | NANGIARKULANGARA | KYLM | ALP | NH |
| 4 | AVEES PUTTU HOUSE | PUNNAPRA | ALP | HPD | NH |
| 5 | ROYAL 66 | KARUVATTA | HPD | ALP | NH |
| 6 | ISTANBUL JN | THIRUVAMBADI | HPD | ALP | NH |
| 7 | RR RESTAURANY | MATHILAKOM | EKM | ALP | NH |
| 8 | ROYAL CITY | MANOOR | EDPL | KTPRM | NH |
| 9 | KHAIMA RESTAURANT | THALAPPARA | TRNGDI | RTKRA | NH |
| 10 | EKAM RESTAURANT | NATTUKAL | PLKD | MKD | SH |
| 11 | LESAPHIRE RESTAURANT | SULTHANBATHERY | SBY | MDY | NH |
| 12 | CLASSIO | THANNIPUZHA | ANK | PBR | MC |
| 13 | KERALA FOOD COURT | KALADY | ANK | PBR | MC |
| 14 | PULARI RESTAURANT | KOOTHATTUKULAM | KKLM | KTM | MC |
| 15 | SREE ANANDA BHAVAN | KOTTAYAM | SH MOUNT | KMRNLR | MC |
| 16 | AMMA VEEDU | VAYAKKAL | AYR | VLKM | MC |
| 17 | SARAVANA BHAVAN | PERAMBRA | CLDY | ANK | NH |
| 18 | ANAND BHAVAN | PALAPPUZHA | MVPA | KTKLM | MC |
| 19 | HOTEL POORNAPRAKASH | KOTTARAKKARA | ENTH | KTR | MC |
| 20 | MALABAR WHITE HOUSE | ERATTAKULAM | TSR | PLKD | SH |
| 21 | KTDC AHAAR | KAYAMKULAM | OCHIRA | KYLM | NH |
| 22 | AT HOTEL | KODUNGALLOOR | KDGLR | GVR | SH |
| 23 | LUNCHEON RESTAURANT | ADIVARAM | KKD | MDY | IS |
| 24 | HOTEL NADUVATHU | MEPPADI | KKD | MDY | IS |

Reetha S

For ESTATE OFFICER